**പതിനഞ്ചാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2024 ജൂൺ 26, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

34 (*241) കായൽ ടൂറിസത്തിന്റെ സാധ്യതകൾ

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, കേരള ടൂറിസത്തിന്റെ പ്രധാനപ്പെട്ട ഉൽപ്പന്നമായി ഹൗസ്ബോട്ടുകൾ മാറിക്കഴിഞ്ഞിട്ടുണ്ടെന്നും ആലപ്പുഴ, കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചിരുന്ന ഹൗസ്ബോട്ടുകൾ ഇന്ന് സംസ്ഥാനത്ത് ഇതര കായൽ മേഖലകളിലേയ്ക്ക് വ്യാപിച്ചിട്ടുണ്ടെന്നും ഹൗസ്ബോട്ടുകൾക്കൊപ്പം ചെറുവഞ്ചികൾ, സ്പീഡ് ബോട്ടുകൾ, തുടങ്ങിയവും ഈ മേഖലയിൽ വിനോദസഞ്ചാരികളെ ആകർഷിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ചാമ്പ്യൻസ് ബോട്ട് ലീഗ്, കൊച്ചിയിൽ ആരംഭിച്ച

വാട്ടർമെട്രോ എന്നിവ കായൽ ടൂറിസം മേഖലയിൽ വലിയ കുതിപ്പിന് ഇടയാക്കിയിട്ടുണ്ട്. കായൽ ടൂറിസം മേഖലയുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഹൗസ് ബോട്ടുകളുടെ എണ്ണം തിട്ടപ്പെടുത്തുന്ന നടപടികൾ കേരള മാരിടൈം ബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. ഡ്രെഡ്ജിംഗ് നടത്തി കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർധിപ്പിക്കുന്നതിനും പോള നീക്കം ചെയ്യുന്നതിനും നിലനിൽക്കുന്ന ഇടക്കാല സ്റ്റേ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഹൗസ്ബോട്ടുകളിൽനിന്നുള്ള മാലിന്യ സംസ്കരണത്തിന് കുമരകത്ത് നിലവിലുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് (STP) പുറമെ ആലപ്പുഴ എച്ച് ബ്ലോക്കിലും വട്ടക്കായലിലുമുള്ള പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിക്കുകയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) മുഖേന ഹൗസ്ബോട്ട് ഉടമകൾക്കും ജീവനക്കാർക്കും പരിശീലനവും നിർദേശങ്ങളും നൽകിവരികയും ചെയ്യുന്നുണ്ട്. വിനോദസഞ്ചാര മേഖലയിൽ ലക്ഷ്വറി യാട്ടുകൾ, ആഡംബര മിനി ലേക്ക് ക്രൂയിസുകൾ, രാത്രിയിൽ പ്രവർത്തിക്കുന്ന ഡിന്നർ ക്രൂയിസുകൾ എന്നിവ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടെന്നും കേരളത്തെ ടൂറിസം ഇന്നവേഷൻ ഹബ്ബാക്കി വികസിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റാർട്ടപ്പുകൾക്ക്

ഇൻസെന്റീവ് നൽകുമെന്നും പെരുമ്പളം, കടമക്കുടി, ശാസ്താംകോട്ട എന്നിവിടങ്ങളിലെ കായൽ ടൂറിസ സാധ്യതകൾ പരിശോധിക്കുമെന്നും സുസ്ഥിര/എക്സ്പീരിയൻഷ്യൽ ടൂറിസത്തിന്റെ കേന്ദ്രമായി മാറുന്ന കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന്റെ ആദ്യഘട്ടമായി മൺറോ തുരുത്തിന്റെ ക്യാരിയിംഗ് കപ്പാസിറ്റി സംബന്ധിച്ച് പഠനം നടത്തുമെന്നും സംസ്ഥാനത്തിന്റെ തനത് രുചികളും ഭക്ഷണ രീതികളും വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി Experience Ethnic Cuisine പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35(*242) <u>പ്ലസ് വൺ-ൽ അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) നൽകിയ മറുപടിയിൽ, പ്ലസ് വൺ സീറ്റ് ക്ഷാമം പരിഹരിക്കുന്നതിന് 2023-24-ൽ താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായ ബാച്ചുകൾ തുടരുന്നതിനും മലബാർ മേഖലയിലെ സർക്കാർ സ്കൂളുകളിൽ 30 ശതമാനവും എയ്ഡഡ് സ്കൂളുകളിൽ 20 ശതമാനവും അധികമായി ആവശ്യമുള്ളപക്ഷം 10 ശതമാനവും മാർജിനൽ സീറ്റ് വർദ്ധന അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഭൗതിക

സാഹചര്യങ്ങൾ ഉറപ്പാക്കി സീറ്റുകൾ വർദ്ധിപ്പിക്കുകയും താൽക്കാലിക ബാച്ചുകൾ അനുവദിക്കുകയും ചെയ്യുന്നതുമൂലം വിദ്യാർഥികളുടെ പഠന നിലവാരത്തിൽ ഇടിവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്ലസ് വൺ പ്രവേശന നടപടികൾ ജൂലൈ 31-ന് അവസാനിപ്പിക്കുംവിധമാണ് ഷെഡ്യൂൾ ക്രമീകരിച്ചിരിക്കുന്നതെന്നും എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കുമെന്നും മലപ്പുറം ജില്ലയിലെ സാഹചര്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹയർസെക്കൻഡറി ജോയിന്റ് ഡയറക്ടർ (അക്കാഡമിക്), മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പുതുതായി ചേരുന്ന കുട്ടികൾക്ക് പഠന വിടവ് ഉണ്ടായാൽ ബ്രിഡ്ജ് കോഴ്സുകളിലൂടെ അത് പരിഹരിക്കുമെന്നും സപ്ലിമെന്ററി അലോട്ടുമെന്റോടുകൂടി ഒഴിവുള്ള സീറ്റുകൾ നികത്തിയതിനുശേഷം സ്കോൾ കേരള അഡ്മിഷൻ നടത്തുമെന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

36(*243) <u>തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, തലസ്ഥാന റോഡുകൾ മികച്ച നിലയിൽ

നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്മാർട്ട്സിറ്റി പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് റോഡുകളുടെ നിർമ്മാണം ആരംഭിച്ചതെന്നും ടി പദ്ധതിയിലുൾപ്പെട്ട ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കുടിവെള്ള പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി/ടെലിഫോൺ/ ഇന്റർനെറ്റ് കേബിളുകൾ എന്നിവ പ്രത്യേക ഡക്റ്റിലൂടെ കടത്തിവിടുന്നതിനാൽ ഓവർഹെഡ് ലൈനുകൾ ഒഴിവാക്കി റോഡുകളെ പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കാനും അടിക്കടി റോഡുകൾ കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാനും സ്വീവറേജ് ലൈനുകൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതിയിലൂടെ സാധിക്കുന്നതാണ്. മികച്ച നടപ്പാതകൾ, വഴിവിളക്കുകൾ, കൈവരികൾ, റോഡ് സുരക്ഷ, സൈക്കിൾ ട്രാക്ക്, ലാൻഡ് സ്കേപ്പിംഗ്, പാർക്കിംഗ് ഇംപ്രൂവ്മെന്റ് എന്നീ സൗകര്യങ്ങളും സ്മാർട്ട് റോഡുകളുടെ ഭാഗമായി സാധ്യമാകുന്നുണ്ട്. സ്മാർട്ട് സിറ്റി മിഷൻ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള 12 റോഡുകൾ സ്മാർട്ടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെട്ട എല്ലാ റോഡുകളിലും ഓടകൾക്കുപുറമെ ട്രഞ്ചും ചേംബറും നിർമ്മിക്കാൻ എസ്കവേഷൻ നടത്തേണ്ടിവന്നതും മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥാപിച്ചിരുന്ന യൂട്ടിലിറ്റി ലൈനുകളിൽ അപ്രതീക്ഷിതമായി

തകരാറ് സംഭവിച്ചതുംമൂലം പ്രവൃത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി ഓരോ റോഡിനും പ്രത്യേകം ടെണ്ടർ നടപടികൾ സ്വീകരിച്ച് ആദ്യഘട്ടത്തിൽ രണ്ട് റോഡുകൾ സ്മാർട്ടായി വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മാനവീയം വീഥിയെ കേരളത്തിലെ ആദ്യ നൈറ്റ് ലൈഫ് കേന്ദ്രമായും സാംസ്കാരിക ഇടനാഴിയായും വികസിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ഓപ്പറേഷൻ അനന്തയുടെ ഭാഗമായി അട്ടക്കുളങ്ങര റോഡിൽ ഓട വീതികൂട്ടി നിർമ്മിക്കുന്ന പ്രവൃത്തി തുടർന്നുവരികയാണ്. നിശ്ചിത ഇടവേളകളിൽ മന്ത്രിതല യോഗം ചേർന്നും നേരിട്ട് സന്ദർശനം നടത്തിയും പ്രവൃത്തി അവലോകനം ചെയ്യുന്നുണ്ട്. സെക്രട്ടറിതലത്തിൽ അവലോകന യോഗങ്ങളും പരിശോധനയും സംഘടിപ്പിച്ചതും സെക്രട്ടറിതല സമിതി രൂപീകരിച്ച് വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയതും കരാർ കൺസൾട്ടന്റ്, KRFB എഞ്ചിനീയർമാർ എന്നിവരുടെ സേവനം സൈറ്റുകളിൽ ഉറപ്പുവരുത്തിയതും പ്രവർത്തിയുടെ പുരോഗതിക്ക് സഹായകരമായിട്ടുണ്ട്. 28 റോഡുകളിൽ 25 എണ്ണവും ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവ സമയബന്ധിതമായി പൂർത്തിയാക്കാൻ എല്ലാ ശ്രമങ്ങളും നടത്തുന്നതാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.